# Desabhimani
# 30 August 2018
# Paravoor; Relief fund, Flood Victims

## ദുരിതബാധിതർക്ക് വേറിട്ട സഹായങ്ങളുമായി 2 കുടുംബം

**പറവൂർ**

ചേന്ദമംഗലം ഗോതുരുത്ത് പ്രദേശത്തെ ജനങ്ങൾക്ക് സഹായഹസ്തവുമായി വ്യത്യസ്തരാകുകയാണ് രണ്ട് കുടുംബങ്ങൾ.

ചാണശേരി വീട്ടിൽ ഷാജനും ഭാര്യ മിൽഖയും തങ്ങളുടെ ഇരുപതാം വിവാഹ വാർഷികം ആഘോഷിക്കുന്നതിനായി കരുതിവച്ച തുക പ്രദേശത്തെ അവശതയനുഭവിക്കുന്നവർക്കായി നൽകിയാണ് മനുഷ്യത്വം പ്രകടമാക്കിയത്.

ഏലൂർ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിലെ ജീവനക്കാരനാണ് ഷാജൻ.

വീട്ടിൽ വെള്ളം കയറി ബന്ധുവീട്ടിലായിരുന്നു ഷാജനും കുടുംബവും. ഇവരുടെ ഏകമകൾ അനീറ്റ പ്ലസ് വൺ വിദ്യാർഥിനിയാണ്.

ചേന്ദമംഗലം പഞ്ചായത്തംഗം പി എ രാജേഷ് ഷാജനിൽനിന്നും തുക ഏറ്റുവാങ്ങി.

ജീവനോപാധി പോലും വേണ്ടെന്ന് വച്ചാണ് മൂത്തകുന്നം മടപ്ലാതുരുത്ത് കളവമ്പാറ വീട്ടിൽ അജയകുമാർ ഘോഷും ഭാര്യ ബീനയും തണലായത്. ചെത്തുതൊഴിലാളിയായിരുന്ന അജയകുമാറിന്റെ ഏക വരുമാന മാർഗമാണ് വീട്ടിൽ വളർത്തുന്ന ഇരുപതോളം നാടൻ കോഴികൾ.

കോഴികളെ വിറ്റ് കിട്ടുന്ന പണം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകാൻ ദമ്പതികൾ നിശ്ചയിക്കുകയായിരുന്നു.

സിപിഐ എം ഏരിയ കമ്മറ്റിയംഗം ടി ജി അശോകൻ തുക ഏറ്റുവാങ്ങി. അരീജ, അഷീജ് എന്നിവരാണ് മക്കൾ.